ജനങ്ങളുടെ സഹായസഹകരണം കൂടി ഉണ്ടായാൽ കഴിയുന്നത്ര വേഗം ഈ പരാതികൾ അവസാനിപ്പിക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. നല്ലേക്കര കെ. കൃഷ്ണൻ: ഫ്ളയിംഗ് സ്ക്വാഡ് പ്രവർത്തനം തുടങ്ങിയതിനുശേഷം മദ്യനിരോധനം സംബന്ധിച്ചു വല്ലതെങ്കിലും improvement ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: പല സ്ഥലങ്ങളിലും വാററു നിറുത്തിയിട്ടുണ്ട്.

The question that a supplementary sum not exceeding Rs. 9,000 be granted under Demand No. III-8. State Excise Duties (iii) Prohibition—T. A., was put and carried.

The grant was made.

*Minister of Health* (SHRI A. A. RAHIM): Sir, I move for a supplementary grant of Rs. 10,000 under Demand III—8. State Excise Duties (b) (iii) Prohibition–Contingencies.

*Home Minister* (SHRI A. J. JOHN): I second it.

ശ്രീ. എ. എ. റഹിം: ഇതും ഈ റിഓർഗനൈസേഷൻ മൂലം വന്നിട്ടുള്ള അധികച്ചെലവിനു വേണ്ടിയുള്ളതാണ്. ഇതു പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

The question that a supplementary sum not exceeding Rs. 10,000 be granted under Demand No. III. State Excise Duties (b) (iii) Prohibition—Contingencies, was put and carried.

The grant was made.

**Demand IX—25. General Administration.**

*Chief Minister* (SHRI PANAMPILLI GOVINDA MENON): Sir, I move for a supplementary allotment of Rs. 1,08,500 Under Demand No. IX—25. General Administration (D) Secretariat and Headquarters Establishment—(a) Civil Secretariat (i) Government Secretariat–Pay of Establishment.

*Home Minister* (Shri A. J. JOHN): I second the motion.

SHRI PANAMPILLI GOVINDA MENON: Sir, this item is entered as serial No. 12 in the printed statement circulated to the hon. Members.

The original grant under this head, as will be seen from page 64 of the Budget was Rs. 4,50,100. The additional amount is required mainly on account of pay revision. The Pay Commission Report had to be implemented with retrospective effect from 1st April 1955. It is also due to the



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്]

മുണ്ടാകുന്നതെങ്കിൽ, ജനങ്ങൾക്ക് എന്തു രക്ഷയാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതിനുള്ള കഴിവ് മന്ത്രിമാർക്ക് ഒരുപക്ഷെ ഇല്ലെന്നുള്ളതായിരിക്കാം ഇതിനു കാരണം. മന്ത്രിമാർ നിയന്ത്രിച്ചാൽ, സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാർ നിയന്ത്രിക്കപ്പെടുന്നില്ല. അതിനു കാരണമുണ്ട്. ഏതാണ്ട് ദോലായമാനമായിട്ടാണ് മന്ത്രിമാർ ഇരിക്കുന്നത്. എപ്പോഴാണു താഴെ വീഴുന്നത്, എങ്ങോട്ടാണ് ഇനിയത്തെ ഗതി എന്ന് അവർ സദാപി വിഷമിച്ചിരിക്കുന്നതുകൊണ്ട് സുശക്തമായോ, സുസ്ഥിരമായോ ഒരു നടപടിയും നടത്തുവാൻ അവർക്കു സാധിക്കുന്നില്ല. ഒരു ആഴ്ചപ്പത്രിക്ക്, പോയ മന്ത്രിസഭ അനുവാദം കൊടുത്തു. ആ കടലാസ് ഇന്നുവരെ കണ്ടിട്ടില്ല. എവിടെയോ പോയി. ഈ സെക്രട്ടേറിയറ്റിൽ വളരെയധികം കടലാസുകൾ ഇങ്ങനെ നശിപ്പിച്ചിട്ടുണ്ടെന്നു ഞാൻ ചീഫ് സെക്രട്ടറിയെ അറിയിക്കുന്നു. അതു ഇനി മേലിലെങ്കിലും വരാതിരിക്കത്തക്കവണ്ണം വേണ്ട നടപടികൾ എടുക്കേണ്ടതാണ്. അതിനു കഴിയുന്നില്ലെങ്കിൽ, ചീഫ്സെക്രട്ടറി ഇവിടെ എന്തിനാണിരിക്കുന്നത്?

ശ്രീ. ടി. ഒ. ബാവ: സർ, ഈ സഭയിലല്ലാത്ത ആളുകളെ സംബോധന ചെയ്തുകൊണ്ട് ഇവിടെ പ്രസംഗിക്കുന്നതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ജോസഫ് ചാഴിക്കാട്: എന്റെ ബാവാ, ദയവായി അവിടെ ഇരിക്കു.

Mr. DEPUTY SPEAKER: Chief Secretary is a Part of Government and therefore it is in order.

ശ്രീ. മഞ്ജനാഥപ്രഭു: സർ, ഈ സഭയിലെ ഒരു മെമ്പറെ അല്ലാതെ, ബഹുമാനപ്പെട്ട ഏതെങ്കിലും ഒരു മെമ്പർക്ക് മറ്റാരെയെങ്കിലും ആക്ഷേപിക്കാവുന്നതാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ആരെയും ആക്ഷേപിച്ചില്ല. ചീഫ് സെക്രട്ടറിയെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അല്ലാതെ ആളെപ്പറ്റിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്: സർ, ഞാൻ ഗവണ്മെന്റ് മെഷീനറിയെപ്പറ്റിയാണ് സംസാരിച്ചത്.

ഇവിടെ എൻ. ഇ. എസ്. ബ്ലാക്ക് എന്ന സ്ഥാപനം പലയിടത്തും ഉണ്ട്. എന്തൊരു ധൂർത്താണ് അവിടെ നടക്കുന്നതെന്ന് ആരെങ്കിലും അറിഞ്ഞിട്ടുണ്ടോ? അവിടെ പണം വാരിക്കോരി ചെലവാക്കുന്നുണ്ട്. എന്നാൽ അതിനും, ചില നിയന്ത്രണങ്ങളൊക്കെ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനെ സംബന്ധിച്ചുള്ള നിയന്ത്രണത്തിനായി ഒരു ഡെവലെപ്പ്മെന്റ് കമ്മീഷണറുണ്ട്. അദ്ദേഹത്തിനു ചീഫ്സെക്രട്ടറിയുടെ ജോലിയുമുണ്ട്. ചീഫ്സിക്രട്ടറിയുടെ കീഴിൽ ഒരു അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണറുണ്ട്. അദ്ദേഹം ഒരു അസിസ്റ്റന്റ് സിക്രട്ടറിയുമാണ്. കമ്മീഷണറോ അസിസ്റ്റന്റ് കമ്മീഷണറോ ഈ. എൻ. ഇ. എസ്.

LIBRARY ARCHIVES Kerala Legislative Assembly